# കേരളസർവകലാശാല

നം.പി.ആർ.227 (a)/2023 തിരുവനന്തപുരം, തീയതി: 02/11/2023

## പത്രക്കുറിപ്പ്

## കേരളസർവകലാശാല സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്കറ്റ് ബോൾ ടൂർണമെന്റ് ലോഗോ പ്രകാശനം

കേരളസർവകലാശാല 2023 നവംബർ 13 മുതൽ 18 വരെ സംഘടിപ്പിക്കുന്ന സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്കറ്റ് ബോൾ ടൂർണമെന്റിന്റെ ലോഗോ പ്രകാശനം 2023 നവംബർ 01 ന് രാവിലെ 10 മണിക്ക് സിൻഡിക്കേറ്റ് റൂമിൽ വച്ച് മുൻ ബാസ്കറ്റ് ബോൾ അന്താരാഷ്ട്ര കായിക താരവും അർജ്ജുന അവാർഡ് ജേതാവുമായ ശ്രീമതി.ഗീതു അന്നാ ജോസ് നിർവഹിച്ചു. ശ്രീമതി. ഗീതു അന്നാ ജോസിനെ സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്കറ്റ് ബോൾ (പുരുഷ വിഭാഗം) ബ്രാന്റ് അംബാസിഡറായി തെരെഞ്ഞെടുത്തു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.ജി.മുരളീധരൻ പിള്ള, ശ്രീ.ആർ.രാജേഷ്, രജിസ്ട്രാർ പ്രൊഫ.(ഡോ.)കെ.എസ്.അനിൽകുമാർ, ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ഡോ.കെ.ഐ.റസിയ എന്നിവർ പങ്കെടുത്തു.

## കേരളസർവകലാശാല സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്കറ്റ് ബോൾ ടൂർണമെന്റ് ഓർഗനൈസിംഗ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം

കേരളസർവകലാശാല 2023 നവംബർ 13 മുതൽ 18 വരെ സംഘടിപ്പിക്കുന്ന സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്കറ്റ് ബോൾ ടൂർണമെന്റിന്റെ ഓർഗനൈസിംഗ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം 2023 നവംബർ 01 ന് വൈകുന്നേരം 4 മണിക്ക് കേരള സർവകലാശാല ജി.വി.രാജാ പവലിയനിലെ ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ വച്ച് ബഹു. വൈസ് ചാൻസിലർ പ്രൊഫ.(ഡോ.) മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ പ്രൊഫ.(ഡോ.)കെ.എസ്.അനിൽകുമാർ, കായിക അദ്ധ്യാപകർ, ഫിനാൻസ് ഓഫീസർ ശ്രീ.ആർ.മഹാദേവൻ, ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ഡോ. കെ.ഐ.റസിയ എന്നിവർ പങ്കെടുത്തു.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)